അയ്യായിരത്തിലധികം വരുന്ന വൈദ്യുതി ഉപഭോക്താക്കൾ വോൾട്ടേജ് ക്ഷാമത്താലും കറന്റ് കട്ടിനാലും നിത്യദുരിതത്തിലാണ്. അതിനൊരു ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ അതിന്റെ നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവിടെ സ്ഥലം വാങ്ങിയിട്ട് പണികൾ ആരംഭിച്ചിട്ടുണ്ട്. 80 ശതമാനം പണി പൂർത്തിയായി. ഈ സബ് സ്റ്റേഷനിലേക്ക് കിളിമാനൂരിൽനിന്നുള്ള 33 കെ. വി. ലൈനിന്റെ പണികളും പൂർത്തിയായി. 2003 ഡിസംബർ മാസം ഇത് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(10) കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിൽ സ്ഥാപിച്ച പച്ചക്കറി മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കണമെന്ന ആവശ്യം.

ശ്രീ. എ.സുജനപാൽ: സർ, കോഴിക്കോട് വേങ്ങേരിയിൽ യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ ധനസഹായത്തോടുകൂടി ആരംഭിച്ചിട്ടുള്ള പച്ചക്കറി മാർക്കറ്റ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചതല്ലാതെ പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല. 10 കോടിയിലധികം രൂപ ഇ. ഇ. സി.-യിൽ നിന്നും ധനസഹായമായി ലഭിച്ച പ്രോജക്ടാണ്. അതുപോലെതന്നെ സി. ഡി. എ-യാണ് ഇതിന്റെ പ്രവർത്തനം ഏറ്റെടുത്തിട്ടുള്ളത്. സി. ഡി. എ.-യിൽ നിന്ന് ഇനിയും കൃഷി വകുപ്പ് ഇത് ഏറ്റെടുത്തിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇവിടെ ഇലക്ട്രിസിറ്റി കണക്ഷൻ ലഭിച്ചിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡ് തന്നെ 29 ലക്ഷം രൂപ അതിന്റെ കണക്ഷൻ ചാർജ്ജായി ഈടാക്കിയിരുന്നു. ഗവൺമെന്റിൽ നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ അത് ആറു ലക്ഷം രൂപയാക്കി കുറച്ചിട്ടുണ്ട്. ഇപ്പോൾ അത് സി. ഡി. എ. അടച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. കഴിയുന്നത്ര വേഗത്തിൽ ഈ പച്ചക്കറി മാർക്കറ്റ് ആരംഭിക്കാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കോഴിക്കോട് ജില്ലയിലെ വേങ്ങേരി ഇ. ഇ. സി. മാർക്കറ്റിന്റെ കെട്ടിടം പണിയുന്നതിനുള്ള ടെണ്ടർ കോഴിക്കോട് വികസന അതോറിറ്റിയാണ് എടുത്തിരുന്നത്. കെട്ടിടം പണി പൂർത്തിയായെങ്കിലും വൈദ്യുതി കണക്ഷൻ കിട്ടിയിട്ടില്ല. വൈദ്യുതി ബോർഡും വികസന അതോറിറ്റിയുമായുള്ള തർക്കത്തിന്റെ അടിസ്ഥാനത്തിലാണ് അത് കിട്ടാതെ വന്നത്. ഇപ്പോൾ ആ തർക്കം പരിഹരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ കിട്ടിക്കഴിഞ്ഞാൽ ഉടനെത്തന്നെ ടെണ്ടർ നടത്തി വിപണി തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly